**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 442** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. എം. വിൻസെന്റ് , ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പ് പകുതി ശമ്പളം മാത്രം വിതരണം ചെയ്താൽ മതി എന്ന തീരുമാനത്തിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ക്ക് രണ്ട് ഗഡുക്കളായി നൽകുന്ന സർക്കാർ ധനസഹായം തുടർന്നുള്ള മാസങ്ങളിൽ 11, 20 തീയതികളിലായി കൃത്യമായി നൽകാൻ 20.06.2024 ന് ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി കാരണമാണ് രണ്ട് ഗഡുക്കളായി ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്തുവരുന്നത്. ഒറ്റ ഗഡുവായി ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് ഒറ്റത്തവണയായുള്ള ശമ്പള വിതരണത്തിന് സർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭ്യമാക്കുമെന്ന് കെ.എസ്.ആർ.ടി.സി.യ്ക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ക്ക് രണ്ട് ഗഡുക്കളായി നൽകുന്ന സർക്കാർ ധനസഹായം തുടർന്നുള്ള മാസങ്ങളിൽ 11, 20 തീയതികളിലായി കൃത്യമായി നൽകാൻ 20.06.2024 ന് ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി കാരണമാണ് രണ്ട് ഗഡുക്കളായി ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്തുവരുന്നത്. ഒറ്റ ഗഡുവായി ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സർക്കാരിൽ നിന്നും സഹായം ലഭിച്ചില്ലെങ്കിൽ ജീവനക്കാർക്ക് പകുതി ശമ്പളം മാത്രം നൽകിയാൽ മതി എന്ന തീരുമാനം പുനഃപരിശോധിക്കുമോ; വ്യക്തമാക്കുമോ? | (സി) | അപ്രകാരം തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ